പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 714

11.12.2012 ൽ മറുപടിക്ക്

## ഇന്റർനെറ്റ് വഴിയുള്ള സർക്കാർ സേവനങ്ങൾ

**ചോദ്യം**

ശ്രീ. കെ. മുരളീധരൻ
,, എം.എ. വാഹിദ്
,, പാലോട് രവി
,, പി.സി. വിഷ്ണുനാഥ്

**ഉത്തരം**

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)

(എ) സർക്കാർ സേവനങ്ങൾ ഇന്റർനെറ്റ് മുഖേന ജനങ്ങൾക്ക് ലഭ്യമാക്കുവാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടു വരുന്നത് ; വിശദമാക്കുമോ ;

എ) സർക്കാർ സേവനങ്ങൾ ഇന്റർനെറ്റ് മുഖേന ജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് താഴെ ചേർത്തിരിക്കുന്ന ഐ.ടി. അടിസ്ഥാന സൌകര്യങ്ങൾ ഒരുക്കുന്നതിന് സർക്കാർ നടപടികൾ കൈക്കൊള്ളുകയുണ്ടായി.

1) ജനസേവന കേന്ദ്രങ്ങൾ (അക്ഷയ, ഫ്രണ്ട്സ്) കോൾ സെന്ററുകൾ, സർവ്വീസ് ഡെലിവറി ഗേറ്റ് വേകൾ തുടങ്ങിയവയുടെ സ്ഥാപനം.
2) E-mail server, ഇ-പ്രൊക്യൂർമെന്റ്, മൊബൈൽ ഗവേണൻസ്, വീഡിയോ കോൺഫറൻസിംഗ്, സിറ്റിസൺ കോൾ സെന്റർ തുടങ്ങിയവയ്ക്കാവശ്യമായ അടിസ്ഥാന സൌകര്യ വികസനം.
3) ഐഡിയാസിൽ (IDEAS) നിന്നും സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ എന്നിവ ജനങ്ങൾക്ക് ലഭ്യമാകുന്നതാണ്. അക്ഷയ, ഐ.ടി. മിഷൻ എന്നീ വെബ്സൈറ്റിൽ നിന്നും സർക്കാർ സേവനങ്ങൾ ലഭ്യമാണ്.
4) സ്റ്റേറ്റ് ഡാറ്റാ സെന്ററിന്റെ രൂപീകരണം.
5) KSWAN, മലപ്പുറം വൈഡ് ഏരിയാ നെറ്റ് വർക്ക്, സെക്രട്ടറിയേറ്റ് നെറ്റ് വർക്ക്, വികാസ് ഭവൻ, പബ്ലിക് ഓഫീസ് നെറ്റ് വർക്കുകളുടെ പൂർത്തീകരണം.

| | | | |
|---|---|---|---|
| (ബി) | ഇതിനായി ഐ.റ്റി. മിഷൻ എന്തെല്ലാം പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) & (സി) | ഇ-ഡിസ്ട്രിക്റ്റ് പദ്ധതിയിലൂടെ ഇപ്പോൾ റവന്യൂ വകുപ്പിന്റെ 23 സേവനങ്ങൾ അക്ഷയ കേന്ദ്രങ്ങളുടെ ഓൺലൈൻ വഴി ജനങ്ങൾക്ക് ലഭ്യമാക്കുന്നുണ്ട്. കണ്ണൂർ, പാലക്കാട് ജില്ലകളിൽ പൈലറ്റടിസ്ഥാനത്തിൽ തുടങ്ങിയ പദ്ധതി സംസ്ഥാന വ്യാപകമായി നടപ്പാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. സർക്കാരിന്റെ എല്ലാ സേവനങ്ങളും സാധാരണക്കാരന് ലഭ്യമാക്കുന്നതിനുള്ള സൌകര്യമൊരുക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് State Portal, State Service Delivery Gateway. KSEB, Water Authority, University fees, മോട്ടോർ വാഹന നികുതികൾ തുടങ്ങിയ എല്ലാ വിധ payment കളും പൊതുവായ ഒരു പോർട്ടൽ വഴി ബാങ്ക് ക്രെഡിറ്റ്/ഡെബിറ്റ് കാർഡ് ഉപയോഗിച്ച് നടത്താനുതകും വിധമാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. |
| (സി) | പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ ; | | |
| (ഡി) | എന്തെല്ലാം ഏജൻസികൾ വഴിയാണ് ഈ പദ്ധതികൾ നടപ്പാക്കുന്നതെന്ന് വിശദമാക്കാമോ ? | (ഡി) | ഇ-ഗവേണൻസ് പദ്ധതി നടപ്പാക്കുന്നത് സംസ്ഥാന നോഡൽ ഏജൻസിയായ കേരള സ്റ്റേറ്റ് ഐ.ടി.മിഷൻ മുഖാന്തിരമാണ്. |

സെക്ഷൻ ഓഫീസർ